കേരള സർക്കാർ

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ് -ചേർത്തല നഗരസഭ കരട് മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ വകുപ്പ് 36(3) പ്രകാരവും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 16(8) പ്രകാരവും, പ്രസിദ്ധീകരണാനുമതി നൽകി - ഉത്തരവാകുന്നു**

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (കൈ.) നം. 164/2022/തസ്വഭവ. *തിരുവനന്തപുരം, തീയതി 25/07/2022*

---

*പരാമർശം:-*

1. ചേർത്തല നഗരസഭ കൗൺസിലിന്റെ 25.02.2022-ലെ 1-ാം നമ്പർ തീരുമാനം.
2. ചേർത്തല നഗരസഭ കൗൺസിലിന്റെ 25.02.2022-ലെ 2-ാം നമ്പർ തീരുമാനം.
3. 04.05.2022 തീയതിയിലെ ടിപി 1/12689/2012 പ്രകാരമുള്ള 19.05.2022 ലെ 1626-ാം നമ്പർ വിജ്ഞാപനം.
4. ചേർത്തല നഗരസഭ കൗൺസിലിന്റെ 30.05.2022-ലെ 2-ാം നമ്പർ തീരുമാനം.
5. ചേർത്തല നഗരസഭ സെക്രട്ടറിയുടെ 13.06.2022 തീയതിയിലെ TP1:12689/2012 നമ്പർ കത്ത്.
6. മുഖ്യനഗരാസൂത്രകന്റെ 12/07/2022 തീയതിയിലെ ടിസിപിസിടിപി/1612/2020-എഫ്2 നമ്പർ കത്ത്.

**ഉത്തരവ്**

മുഖ്യനഗരാസൂത്രകൻ തയ്യാറാക്കിയിട്ടുള്ള ചേർത്തല നഗരസഭയുടെ കരട് മാസ്റ്റർപ്ലാൻ നഗരസഭ കൗൺസിലിന്റെ പരാമർശം (1) പ്രകാരമുള്ള തീരുമാന പ്രകാരം പരിഷ്കരണങ്ങളോട് കൂടി സ്വീകരിക്കാൻ തീരുമാനിക്കുകയും, ആയതിനാൽ പരാമർശം (2) പ്രകാരമുള്ള തീരുമാന പ്രകാരം മാസ്റ്റർ പ്ലാൻ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. തുടർന്ന് മാസ്റ്റർപ്ലാൻ പരിഷ്കരണങ്ങളോട് കൂടി സ്വീകരിക്കുന്നതിനുള്ള ഉദ്ദേശം 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 16(1) അനുസരിച്ച് പരാമർശം (3) പ്രകാരം ഔദ്യോഗിക ഗസറ്റിലും, രണ്ടു വർത്തമാന പത്രങ്ങളിലും, നോട്ടീസ് ബോർഡിലും, നഗരസഭയുടെ വെബ് സൈറ്റിലും നഗരസഭ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

(2) ചേർത്തല നഗരസഭയുടെ കരട് മാസ്റ്റർപ്ലാനിൽ വരുത്തേണ്ട പരിഷ്കരണങ്ങൾ സംബന്ധിച്ച് മാസ്റ്റർപ്ലാൻ കമ്മിറ്റിയുടെ ശിപാർശ നഗരസഭ കൗൺസിൽ പരിഗണിച്ചിട്ടുള്ളതും, പരാമർശം (4) കൗൺസിൽ തീരുമാന പ്രകാരം

മാസ്റ്റർപ്ലാൻ അംഗീകരിച്ചിട്ടുള്ളതും (2016 -ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ 36(2)-ാം വകുപ്പ് പ്രകാരവും 2021- ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 16(7) പ്രകാരവും) സർക്കാരിലേക്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതിക്കായി അയക്കുന്നതിനു നഗരസഭ തീരുമാനിക്കുകയും ഫാറം III ലെ അപേക്ഷ പരാമർശം (5) പ്രകാരം നഗരസഭ സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.

(3) 2016- ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിനും 2021 -ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾക്കും അനുസൃതമായിട്ടാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളതെന്ന് മുഖ്യനഗരാസൂത്രകൻ അറിയിക്കുകയും ചേർത്തല നഗരസഭയുടെ കരട് മാസ്റ്റർപ്ലാനിന് 2016- ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ വകുപ്പ് 36(3) പ്രകാരവും 2021- ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 16(8) പ്രകാരവുമുള്ള പ്രസിദ്ധീകരണാനുമതി നൽകുന്നതിന് പരാമർശം (6) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ചേർത്തല നഗരസഭയുടെ കരട് മാസ്റ്റർപ്ലാനിന്, 2016- ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ വകുപ്പ് 36(3) പ്രകാരവും 2021 -ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 16(8) പ്രകാരവും, പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രാജീവൻ എ.പി.
ഡെപ്യൂട്ടി സെക്രട്ടറി.

പകർപ്പ്:

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
2. ജില്ലാ നഗരാസൂത്രകൻ, ആലപ്പുഴ. (മുഖ്യനഗരാസൂത്രകൻ മുഖേന)
3. സെക്രട്ടറി, ചേർത്തല നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reena

സെക്ഷൻ ഓഫീസർ.